നാഷണൽ ന്യൂട്രിഷൻ മിഷൻ - വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**( ഹാജർ : ശ്രീമതി. പ്രിയങ്ക.ജി ഐ എ എസ് )**

============================================================

**വിഷയം** : വനിത ശിശു വികസന വകുപ്പ് - നാഷണൽ ന്യൂട്രിഷൻ മിഷൻ - സമ്പുഷ്ട കേരളം – **"ലോക മുലയൂട്ടൽ വാരാചരണം 2022"** - വിവിധ പ്രവർത്തങ്ങൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

============================================================

ഉത്തരവ് നമ്പർ - WCD/S/NNM4/155/2022 തീയതി : 29.07.2022

ഓഗസ്റ്റ് മാസം ഒന്ന് മുതൽ ഏഴ് വരെ ലോക മുലയൂട്ടൽ വാരമായി ആചരിക്കുകയാണ്. മുലപ്പാലിന്റെ പ്രാധാന്യത്തെക്കുറിച്ചും മുലപ്പാൽ ആദ്യത്തെ ഒരു മണിക്കൂറിനുള്ളിൽ നവജാത ശിശുവിന് നൽകുന്നതിനും ആറ്മാസം വരെ മുലപ്പാൽ മാത്രം നൽകുന്നതിനെ കുറിച്ചും ആറ് മാസം മുതൽ രണ്ടു വയസ്സ് വരെ ഉള്ള കുട്ടികൾക്ക് മറ്റ് ഭക്ഷണത്തോടൊപ്പം മുലപ്പാൽ കൂടി നൽകാൻ ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടി ആണ് ആഗോള തലത്തിൽ ഈ വാരാചരണം സംഘടപ്പിക്കുന്നത്. ഈ വർഷത്തെ( 2022) പ്രമേയം **(STEP UP FOR BREAST FEEDING EDUCATE AND SUPPORT)** എന്നതാണ്. മുലയൂട്ടൽ വാരാചരണത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ജില്ലാതലത്തിലും ,ഐ സി ഡി എസ് പ്രൊജക്റ്റ് തലത്തിലും അങ്കണവാടി തലത്തിലും നടത്തേണ്ടതാണ്. മുലയൂട്ടൽ വാരാചരണത്തോട് അനുബന്ധിച്ച് ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിർവഹിക്കേണ്ടതാണ്.

| Sl No | Item | Description | Remarks |
|---|---|---|---|
| 1<br>01.08.2022<br>(2 PM) | സാമൂഹികാധിഷ്ഠിത പരിപാടി | ആദ്യ ഒരു മണിക്കൂറിന്റെ പ്രാധാന്യം (Golden Hour) ഗർഭിണികളിലും കുടുംബാംഗങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിനായി അങ്കണവാടി വർക്കർമാർ വഴി നടത്തേണ്ടതാണ്. ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ 5 സെഷൻ, സി ഡി പി ഒ മാർ 3 സെഷൻ, പ്രോഗ്രാം ഓഫീസർ ഒരു സെഷൻ വീതമെങ്കിലും നടത്തേണ്ടതാണ്. ഒരു അങ്കണവാടി പ്രദേശത്തിൽ പരമാവധി 200 പേർക്കെങ്കിലും ടി സന്ദേശം ലഭിക്കുന്ന വിധത്തിൽ വേണം ഓൺലൈൻ ആയി പരിപാടി നടത്തേണ്ടത്. 250/- രൂപ വീതം ഓരോ അങ്കണവാടിക്കും നൽകുന്നതാണ് | ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഉടനെ നൽകുന്നതാണ്.<br>250X33115=82,78,750/- |
| 2<br>02.08.2022<br>to<br>03.08.2022 | *ന്യൂട്രിഷൻ ക്ലിനിക് (പീഡിയാട്രിക് കൺസൽറ്റേഷൻ /ശിശു പരിപാലനം ഐ എ പി ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിയും ലാക്ടേഷൻ കൗൺസിലിംഗ്, ന്യൂട്രിഷൻ സ്റ്റാറ്റസ് കൺസൽറ്റേഷൻ ന്യൂട്രിഷൻ ക്ലിനിക് ലെ ന്യൂട്രിഷനിസ്റ്റുമാരുടെ സേവനം പ്രയോജനപ്പെടുത്തി ചെയ്യേണ്ടതാണ്)* | ന്യൂട്രിഷൻ ക്ലിനിക്കുകളിൽ പീഡിയാട്രീഷൻ ന്റെ സേവനം പ്രയോജനപ്പെടുത്തി ഒരു ദിവസം ക്ലിനിക്കിൽ പരിശോധനയും / ടെലി കൺസൾറ്റഷൻ (കോവിഡ് നിയന്ത്രണം കാരണം ക്ലിനിക്കിൽ നേരിട്ടുള്ള പരിശോധന നടത്താൻ പറ്റാത്ത സാഹചര്യം ഉണ്ടെങ്കിൽ മാത്രം ഓൺലൈൻ മുഖേന നടത്താം ), ഒരു ദിവസം ടെലി കൺസൽറ്റേഷൻ- കുട്ടികളുടെ പരിപാലനം, ഇന്റഗ്രേറ്റഡ് ചൈൽഡ്ഹുഡ് മാനേജ്മെന്റ് ഓഫ് ചൈൽഡ്ഹുഡ് ഡിസീസസിനെയും കുറിച്ച് ഒരു സെഷനും എടുക്കേണ്ടതാണ്. ന്യൂട്രിഷൻ ക്ലിനിക്കിലെ ന്യൂട്രിഷനിസ്റ്റുമാർ മുലയൂട്ടൽ വാരാചരണത്തിൽ ഒരു ദിവസം ലക്റ്റേഷൻ കൗൺസിലർ ആയി പ്രവർത്തിക്കേണ്ടതും, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ലാക്റ്റേഷൻ കൗൺസിലിംഗ് നടത്തേണ്ടതാണ്. ആയതിന് ഒരു പീഡിയാട്രീഷന് 2000/- രൂപ | ഫണ്ട് റീലീസ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഉടനെ നൽകുന്നതാണ്.<br>a. 258 x2x750=3,87,000/-<br>(Nutritionist )<br>b.258x2000=5,16,000/-<br>(Pediatrition) |

| | | | |
|---|---|---|---|
| | | നൽകുന്നതാണ് (2000*158 ക്ലിനിക്) | |
| 3<br>04.08.2022 | **STEP UP FOR BREAST FEEDING: EDUCATE AND SUPPORT** എന്ന വിഷയം ആസ്പദമാക്കി ഉള്ള മറ്റു പ്രവർത്തനങ്ങൾ | പ്രോഗ്രാം ഓഫീസർമാർ ടി വിഷയം ആസ്പദമാക്കി എല്ലാ ഗവണ്മെന്റ് / സ്വകാര്യ ആശുപത്രി/ ക്ലിനിക്കുകളിലെ പീഡിയാട്രീഷൻ , ഗൈനക്കോളജിസ്റ്റ്, ആശുപത്രി സൂപ്രണ്ടുമാർ, ഹോസ്പിറ്റൽ മാനേജ്മെന്റ് അധികൃതർ,<br>നഴ്സിംഗ് കോളേജ് അധികൃതർ, നഴ്സുമാർ , നഴ്സിംഗ് വിദ്യാർത്ഥികൾ എന്നിവർക്ക് ടി വിഷയത്തിൽ വെബ്ബിനാർ സംഘടിപ്പിക്കേണ്ടതാണ്. മാതൃ ശിശു സൗഹാർദ ആശുപത്രികളെ കുറിച്ചും, ലാക്ടേഷൻ കൗൺസിലിംഗ് നടത്തുന്നതിനെ കുറിച്ചും വെബ്ബിനാറിൽ ഉൾപ്പെടുത്തണം. ജില്ലാതലത്തിൽ പ്രോഗ്രാം ഓഫീസർ , ജില്ലാ ഐ സി ഡി എസ് സെൽ കുറഞ്ഞത് 5 വെബ്ബിനാർ എങ്കിലും സംഘടിപ്പിക്കേണ്ടതാണ്. | ജില്ലാ തലത്തിൽ നടത്തുന്ന വെബ്ബിനാറിന്റെ റിസോഴ്സ് പേഴ്സൺ നു ഉള്ള ഓണറേറിയതിനുള്ള പ്രത്യേക ഉത്തരവ് നൽകുന്നതാണ്.1500 രൂപ * 14 * 5 ദിവസം.- = 1,05,000/- |
| 4<br>05.08.2022 | ജില്ലാ തലത്തിൽ നടത്തേണ്ട മറ്റ് പരിപാടികൾ | കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് അങ്കണവാടി വർക്കർമാർ ഭവനസന്ദർശനം നടത്തി മുലയൂട്ടലിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവത്കരണം നടത്തേണ്ടതാണ്. .ഇത് കൂടാതെ ജില്ലാ തലത്തിൽ സെമിനാറുകൾ വെബ്ബിനാറുകൾ , ക്വിസ് എന്നിവ കോവിഡ് മാനദണ്ഡം പാലിച്ച് മുലയൂട്ടൽ വാരത്തിൽ സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | |

| | | | |
|---|---|---|---|
| 5<br>06.08.2022 | സെമിനാർ - തൊഴിൽ ദാതാക്കൾക്ക് വേണ്ടി തൊഴിലിടങ്ങളിൽ ക്രെഷുകൾ ആരംഭിക്കുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ച് (as per the provisions envisaged in Maternity Benefit Act | പ്രോഗ്രാം ഓഫീസുകൾ ജില്ലാ തലത്തിലൊരു ഒരു സെമിനാർ സംഘടിപ്പിക്കേണ്ടതാണ് | 15,000x14 = 2.10.000/- |

for

വനിത ശിശു വികസന ഡയറക്ടർ

BINDU GOPINATH
Additional Director
Women and Child Development
Department
Thiruvananthapuram-695 012

പകർപ്പ്:

- ജില്ലാ വനിത ശിശു വികസന ഓഫീസർമാർ
- ജില്ലാ പ്രോഗ്രാം ഓഫീസർമാർ
- സി ഡി പി ഒ - മാർ
- സൂപ്പർവൈസർ
- എല്ലാ അങ്കണവാടി വർക്കർമാർക്കും ( സൂപ്പർവൈസർമാർ മുഖേന )
- സ്റ്റോക്ക് ഫയൽ